22/9/18

വിവരാവകാശം/മറുപടി

നം. D3-11844/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 12.09.2018.
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

3690/18

ശ്രീ. തൈക്കാട് വിജയകുമാർ,
പ്രസിഡന്റ്,
അഖില കേരള പട്ടികജാതി പട്ടിക വർഗ്ഗ ഐക്യവേദി,
സ്റ്റേറ്റ് കമ്മിറ്റി രജി. നം. T-298/2004,
തൈക്കാട് പി.ഒ., തിരുവനന്തപുരം.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 05.09.2018 തീയതിയിലെ 166/ഡി3/18/സാ.നീ.വ. നം. സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആയതു പ്രകാരം ലഭിച്ച താങ്കളുടെ അപേക്ഷയിലെ ചോദ്യം നം. 1, 6, 7 എന്നിവയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു. മറ്റ് ചോദ്യങ്ങൾക്ക് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ചോദ്യം 1) പരിരക്ഷ പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗപരിമിതരുടെ സംഘടനയെ പ്രതിനിധീകരിച്ചുള്ള രണ്ടു പേർ അനൗദ്യോഗിക അംഗങ്ങളാണ്. വിശദാംശങ്ങൾ താങ്കൾക്ക് നേരിട്ട് നൽകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചോദ്യം 6) മെഡിക്കൽ ബോർഡ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുള്ളവർക്കാണ് ടി പദ്ധതിയുടെ സേവനം ലഭിക്കുന്നത്.

AN

ചോദ്യം 7) സംസ്ഥാന തലത്തിൽ നേരിട്ട് തുക വിനിയോഗമില്ലാത്തതിനാൽ സംസ്ഥാന തല കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ശ്രീ. സുരേന്ദ്രകുമാർ കെ.കെ.,**
**അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor, തിരുവനന്തപുരം-33.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

പകർപ്പ്:- DSJO, Thrissur

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും (സൂചനയോടൊപ്പം ലഭിച്ച അപേക്ഷയുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. ആയതിലെ ചോദ്യം നം. 6, 7 ഒഴികെയുള്ളവയ്ക്ക് അപേക്ഷകന് നേരിട്ട് മറുപടി നൽകേണ്ടതാണ്)

AN